25/10/2025

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. KS Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/10/2025

1. കേരള കൃഷി വകുപ്പ് കൈവരിച്ച നേട്ടങ്ങൾ അവതരിപ്പിക്കുന്നതിനും ഭാവി വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് **വിഷൻ** 2031 എന്ന പേരിൽ സംസ്ഥാനതല കാർഷിക സെമിനാർ ഇന്ന് (ഒക്ടോബർ 25 ശനിയാഴ്ച) രാവിലെ 9 മണി മുതൽ 4 മണി വരെ ആലപ്പുഴ യെസ്കെ കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം അമ്പലപ്പുഴ എം എൽ എ എച്ച് സലാം അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ കേരള കാർഷിക മേഖല കൈവരിച്ച നേട്ടങ്ങളേയും വെല്ലുവിളികളെയും വിലയിരുത്തി കൊണ്ടുള്ള സെമിനാറാണ് സംഘടിപ്പിക്കുന്നത്.

2. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഓരോ കൃഷിയിടത്തെയും വിളകളെ പറ്റി സർവ്വേ നടത്തുന്ന പ്രവർത്തനമായ ഡിജിറ്റൽ ക്രോപ് സർവ്വേ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കേരളമൊട്ടാകെ നടപ്പാക്കുന്നു. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട ക്രോപ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സർവ്വേയർമാർ അവർക്ക് അലോട്ട് ചെയ്ത സർവ്വേ പ്ലോട്ടുകൾ നേരിട്ട് സന്ദർശിച്ച ഓരോ ഭൂ ഉടമയുടെയും കൃഷി വിവരങ്ങൾ രേഖപ്പെടുത്തുകയും വിളകളുടെ ഫോട്ടോ എടുക്കുകയും ചെയുന്നു. ഓരോ സർവ്വേ നമ്പറിലും ഉള്ള ഭൂമി കൃഷി ഭൂമിയാണോ, തരിശു ഭൂമി ആണോ കാർഷികേതര ഭൂമി ആണോ, ഏതെല്ലാം വിളകൾ കൃഷി ചെയ്യുന്നു, തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നു. ഏകവർഷ വിളകളുടെ വിത തീയതി, ജലസേചന രീതി എന്നിവയും മൊബൈൽ ആപ്പ് ഉപയോഗിച്ച് ശേഖരിക്കുന്നു. ജിയോഫെൻസിങ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് സർവ്വേ നടപ്പാക്കുന്നത് എന്നതിനാൽ അതതു സർവ്വേ പ്ലോട്ടുകളിൽ നിന്നുകൊണ്ട് മാത്രമേ വിവരങ്ങൾ മൊബൈൽ ആപ്പ് വഴി രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതോടൊപ്പം കാർഷിക വിളകളുടെ ജിയോ ടാഗ് ചെയ്ത ഫോട്ടോഗ്രാഫ് അവയുടെ കൃത്യമായ സ്ഥാന നിർണയം നടത്തുന്നതിനും ശേഖരിക്കുന്നു. ഒരു വർഷത്തിൽ ഖാരിഫ്, റാബി എന്നിങ്ങനെ രണ്ട് സീസണുകളിലാണ് സർവ്വേ നടത്തുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. അസംഘടിത മേഖലയിലെ റബ്ബർതോട്ടം തൊഴിലാളികൾക്കായി റബ്ബർബോർഡ് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. റബ്ബർ ടാപ്പർമാർ, റബ്ബറുത്പാദക സംഘങ്ങളിലെ സമൂഹ സംസ്കരണ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള സ്വന്തം റബ്ബർതോട്ടത്തിൽ റെയിൻഗാർഡ് ചെയ്ത നൂറ് മരങ്ങളിലെങ്കിലും സ്വയം ടാപ്പിങ് നടത്തുന്ന കർഷകർ എന്നിവർക്ക് ഈ പദ്ധതിയിൽ ചേരാം. അപേക്ഷകർ 18–നും 59–നും ഇടയിൽ പ്രായമുള്ളവരും കുറഞ്ഞത് ഒരു വർഷമായി ജോലിയിൽ തുടരുന്നവരും ആയിരിക്കണം. പദ്ധതിയിൽ തുടരുന്ന ഗുണഭോക്താക്കൾക്ക് 60 വയസ്സ് വരെ സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടെയും അപകടമരണമോ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള മരണമോ സംഭവിച്ചാൽ അഞ്ച് ലക്ഷം രൂപയുടെയും അപകടം മൂലം പൂർണ അംഗവൈകല്യം സംഭവിച്ചാൽ രണ്ട് മുതൽ നാല് വരെ ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. 60 വയസ്സ് കഴിഞ്ഞ ഗുണഭോക്താക്കൾക്ക് അപകടമരണമോ വന്യമൃഗ ആക്രമണം മൂലമുള്ള മരണമോ സംഭവിച്ചാൽ നാല് ലക്ഷം രൂപയുടെയും അപകടം മൂലം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പൂർണ അംഗവൈകല്യം സംഭവിച്ചാൽ രണ്ട് മുതൽ നാല് വരെ ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഓരോ വർഷവും പ്രീമിയം തുക അടച്ച് 70 വയസ്സ് വരെ പദ്ധതി പുതുക്കാവുന്നതാണ്. എന്നാൽ, 60 വയസ്സിനുശേഷം അംഗങ്ങൾക്ക് ആവശ്യമെങ്കിൽ പദ്ധതിയിൽ നിന്നും പിന്മാറാവുന്നതാണ്. ഇത്തരക്കാർക്ക് പദ്ധതിക്കാലയളവിൽ അടച്ച മൊത്തം പ്രീമിയം തുകയ്ക്ക് ആനുപാതികമായി ഒരു തുക ടെർമിനൽ ആനുകൂല്യമായി ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ലഭിക്കും. ഗുണഭോക്താവ് അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ പ്രീമിയം തുക 300 രൂപയാണ്. ഓരോ ഗുണഭോക്താവിനും വേണ്ടി 900 രൂപ വീതം റബ്ബർബോർഡിന്റെ വിഹിതമായി ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കും. പദ്ധതിയിൽ ചേരാനുള്ള അവസാന തീയതി **2025 ഡിസംബർ 10 ആണ്.** കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമ വിഭാഗവുമായോ ബന്ധപ്പെടാവുന്നതാണ്. ഫോൺ –0481 2301231 (എക്സ്റ്റൻഷൻ –336)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

4. തിരുവനന്തപുരത്തുള്ള വെള്ളായണി, കാർഷിക കോളജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ വച്ച് പഴം - പച്ചക്കറി സംസ്കരണം" എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി 28.10.2025 ചൊവ്വാഴ്ച നടത്തുന്നു. പരിശീലന ഫീസ് 1000/-രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം നൽകുന്നത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ആഫീസ് സമയങ്ങളിൽ 8089076698 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ വരെ **"പശു വളർത്തൽ"** എന്ന വിഷയത്തിൽ 29/10/2025 മുതൽ 30/10/2025 മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൌജന്യമായി ദ്വിദിന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

6. മലപ്പുറം ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് ' **കാട വളർത്തൽ'** എന്ന വിഷയത്തിൽ സൗജന്യ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഒക്ടോബർ 25 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ 5 മണി വരെയാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 0494-2962296,9074552071 എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. **കാർഷിക നിർദേശം**

തെങ്ങിലെ കൊമ്പൻചെല്ലിയെ നിയന്ത്രിക്കുന്നതിനായി 250 ഗ്രാം മണലും 250 ഗ്രാം വേപ്പിൻ പിണ്ണാക്കും ചേർത്ത മിശ്രിതം തെങ്ങിൻ്റെ മണ്ടയിൽ കൂമ്പിന് ചുറ്റുമുള്ള മൂന്നോ ഓലക്കവിളുകളിൽ ഇട്ട് കൊടുക്കാവുന്നതാണ്. മൂന്നോ നാലോ പാറ്റ ഗുളികകൾ 45 ദിവസത്തിലൊരിക്കൽ ഓലക്കവിളുകൾക്കിടയിൽ വച്ച് കൊടു ക്കുന്നതും കൊമ്പൻചെല്ലിയെ നിയന്ത്രിക്കുന്നതിനായി ചെയ്യാവുന്നതാണ്.